# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2077 15.07.2011 ൽ മറുപടിക്ക്

### വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ന്യൂനപക്ഷ-പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്കനുവദിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളെകുറിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ യഥാസമയം പരസ്യം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;<br><br>ബി) ഇല്ലെങ്കിൽ ഭാവിയിൽ ഇത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (എ യും ബി യും) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികൾക്കനുവദിക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പിനെക്കുറിച്ചുള്ള പരസ്യം എല്ലാ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും നിലവിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രീ-മെട്രിക് പോലുള്ള സ്കോളർഷിപ്പുകൾക്കപേക്ഷിക്കുമ്പോൾ വരുമാനം തെളിയിക്കുന്നതി നായി പത്തു രൂപയുടെ മുദ്രപത്രം വേണമെന്ന നിബന്ധന രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി യും ഡി യും) | ഉണ്ട്.<br>സ.ഉ(സാധാ)നം.2447/11/GEdn തീയതി 28.06.2011 പ്രകാരം വരുമാനം, ജാതി എന്നിവയുടെ അഫിഡവിറ്റ് ഒറ്റ മുദ്രപത്രത്തിൽ മാത്രം രക്ഷകർത്താവ് നൽകിയാൽമതി എന്നു തീരുമാനിച്ചിട്ടുണ്ട്. |
| ഡി) | എങ്കിൽ അപേക്ഷിക്കുമ്പോൾ സെൽഫ് അറ്റസ്റ്റഡ് ആയി വരുമാന സർട്ടിഫിക്കറ്റ് നൽകുകയും തിരഞ്ഞെടുക്ക പ്പെട്ടവർ മാത്രം പിന്നീട് മുദ്രപത്രത്തിൽ സമർപ്പിക്കുകയും ചെയ്യുന്ന രീതി അവലംബിക്കാനാകുമോ; | | |
| ഇ) | കേന്ദ്ര നിർദ്ദേശത്തിന്റെ ഭാഗമായാണോ ഈ നിബന്ധന നടപ്പിലാക്കുന്നത്; എങ്കിൽ ഇതു മാറ്റി മുകളിൽ പരാമർശിച്ച രീതി അനുവദിച്ചു കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഇ) | അതെ.<br>പൂർണ്ണ രൂപത്തിൽ വരുമാനം, ജാതി എന്നീ അഫിഡവിറ്റുകളോടൊപ്പം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നിന്നുമാണ് അർഹരായ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതും അങ്ങനെ തിരഞ്ഞെടുക്കുന്ന കുട്ടികളുടെ പട്ടിക കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുന്നതനുസരിച്ചാണ് പ്രീ-മെട്രിക്ക് സ്ക്കോളർഷിപ്പ് തുക അനുവദിക്കുന്നത്. അർഹരായ കുട്ടികളുടെ പട്ടിക തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നതിന് പൂർണ്ണരൂപത്തിൽ അപേക്ഷിക്കപ്പെടുന്ന അപേക്ഷകൾ അനിവാര്യമാണ്. മേൽപ്പറഞ്ഞ നടപടിയിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ തീരുമാനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ